(ബി) തീരുമാനമാകാതെ കിടക്കുന്ന കേസ്സുകളിൽ എത്രയും വേഗം തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി അഡീഷണൽ ജില്ലാ കോടതികൾ സ്ഥാപിക്കണമെന്ന നിയമസഭാകമ്മറ്റിയുടെ ശുപാർശ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി):

(എ) നടപ്പു സാമ്പത്തിക വർഷാരംഭത്തിൽ ഹൈക്കോടതി ഉൾപ്പെടെ വിവിധ കോടതികളിലായി ഒരു ലക്ഷത്തി അറുപത്തിമൂവായിരത്തി അറുന്നൂറ്റി ഇരുപത്തിയേഴ് (1,63,627) കേസ്സുകൾ ഉണ്ടായിരുന്നു. ഇപ്പോഴത്തെ കണക്ക് എത്രയെന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി) ഹൈക്കോടതി ഇതു സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇതു സംബന്ധിച്ച നിയമസഭാ കമ്മിറ്റിയുടെ ശുപാർശ പരിഗണനയിലുണ്ട്.

സർക്കാർ സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള മുൻഗണനാ ലിസ്റ്റ്

* 173 [219] ശ്രീ. കെ. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകൾക്കു കെട്ടിടം പണിയുന്നതിന് മുൻഗണനാക്രമത്തിൽ ലിസ്റ്റു തയ്യാറാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

ഉണ്ട്.

ചാക്ക ഗവൺമെന്റ് എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്

* 174 [220] ശ്രീ. കെ.ടി. കുമാരൻ:

ശ്രീ കെ.വി. സുരേന്ദ്രനാഥ്:

ശ്രീ കാനം രാജേന്ദ്രൻ:

ഡോ: എ. സുബ്ബറാവു:

ശ്രീ. കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാക്ക ഗവൺമെന്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് നിറുത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അവിടത്തെ തൊഴിലാളികളെ സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

ഉപ മുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി സ്ഥാപനത്തിലെ തൊഴിലാളികൾക്ക് പൊതുമരാമത്ത് വകുപ്പിൽ ജോലി നൽകുവാനാണുദ്ദേശിക്കുന്നത്.

ഇലക്ട്രിസിറ്റി ബോർഡിലെ സേവന—വേതന കരാർ

* 175 [221] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ ഒ. ഭരതൻ:

ശ്രീ ടി.കെ. അറുമുഖൻ:

ശ്രീ ഇ. പത്മനാഭൻ:

ശ്രീ എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ പ്രാബല്യത്തിലിരുന്ന സേവന വേതന കരാറിന്റെ കാലാവധി അവസാനിച്ചിട്ട് എത്ര കാലമായി;

(ബി) പുതിയ കരാർ ഉണ്ടാക്കുന്നതു സംബന്ധിച്ച് ബോർഡിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ;

(സി) പുതിയ സേവന—വേതന കരാർ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 25.11.1978 മുതൽ മൂന്നുവർഷത്തേക്കായിരുന്നു കാലാവധി. കരാറിൽ തന്നെ ഉഭയസമ്മതപ്രകാരം മാറ്റം വരുത്തുന്നതുവരെയോ ബോർഡോ യൂണിയനുകളോ രണ്ടു മാസത്തെ നോട്ടീസ് നൽകി അവസാനിപ്പിക്കുന്നതുവരേയോ വ്യവസ്ഥകൾ പ്രാബല്യത്തിലുണ്ടായിരിക്കുമെന്നും നിശ്ചയിച്ചിരുന്നു. ബോർഡ് നോട്ടീസ് നൽകി 5.4.1985 കൊണ്ട് കരാർ അവസാനിപ്പിച്ചു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനം

* 176 [222] ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ എ.കെ. ശശീന്ദ്രൻ:

ശ്രീ ടി.പി. പീതാംബരൻ മാസ്റ്റർ:

ശ്രീ എ.വി. താമരാക്ഷൻ:

ശ്രീ കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:.

LIBRARY ARCHIVES Kerala Legislative Assembly